## പുണ്യകേന്ദ്രങ്ങളിലൂടെ

**ഇ.എൻ ഇബ്റാഹീം മൗലവി**




ചരിത്രപ്രാധാന്യവും സത്യവിശ്വാസികൾക്ക് ആത്മബന്ധവുമുള്ള മഹത്തായ രണ്ട് പുണ്യകേന്ദ്രങ്ങളാണ് മക്കയും മദീനയും. ഇസ്‌ലാമിക ചരിത്രത്തിലെ ഒട്ടേറെ സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച അവിടെ അനവധി സ്മാരകങ്ങൾ പ്രശോഭിച്ചു നിൽക്കുന്നു. മസ്ജിദുൽ ഹറാമും മസ്ജിദുന്നബവിയുമാണ് അവയിൽ പ്രഥമസ്ഥാനത്തുള്ളത്. മക്കയിലും മദീനയിലുമുള്ള നൂറ്റി അമ്പതോളം ചരിത്രസ്മാരകങ്ങളെ പരിചയപ്പെടുത്തുന്ന കൃതിയാണ് ഇ.എൻ ഇബ്റാഹീം മൗലവിയുടെ 'പുണ്യകേന്ദ്രങ്ങളിലൂടെ.' പ്രമാണങ്ങൾ ഉദ്ധരിച്ച് ചരിത്രസ്മാരകങ്ങളുടെ പ്രാധാന്യം വിവരിക്കുന്ന ഗ്രന്ഥകാരൻ, അവയുമായി ബന്ധപ്പെട്ടു നിലനിൽക്കുന്ന തെറ്റുധാരണകൾ ദൂരീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. ഖുർആൻ സൂക്തങ്ങളുടെയും ഹദീസുകളുടെയും അറബിമൂലം ഉദ്ധരിച്ചിട്ടുണ്ട്. ഹജ്ജ്-ഉംറ യാത്ര ഉദ്ദേശിക്കുന്നവർക്കു മാത്രമല്ല, ഏതൊരാൾക്കും പ്രയോജനകരവും എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്ന ലളിതഭാഷയിലുള്ളതുമാണ് കൃതി. **പേജ്: 283, വില: 150, ധിഷണ പ്രസാധനാലയം, ചെറുവാടി, കോഴിക്കോട്.**

## സ്വൂഫിസത്തിന്റെ വേരുകൾ

**കെ.എ ഖാദിർ ഫൈസി**



'സ്വൂഫിസം' ഏറെ ചർച്ചചെയ്യപ്പെട്ട ചിന്താധാരയാണ്. സോദ്ദേശ്യപരമായ തുടക്കമാണ് സ്വൂഫിസത്തിന്റേതെങ്കിലും ചരിത്രഘട്ടങ്ങളിലൂടെ കടന്നുപോയപ്പോൾ ഇസ്‌ലാം ഉന്മൂലനം ചെയ്ത ജാഹിലിയ്യാ ചിന്താഗതികളെയും ആചാരങ്ങളെയും ഇസ്‌ലാമിന്റെ തന്നെ മേൽവിലാസത്തിൽ അവതരിപ്പിക്കുവോളം സ്വൂഫിസം അധഃപതിച്ചുപോയി. നിലവിലുള്ള സ്വൂഫിസത്തിന്റെ വേരുകൾ ഇസ്‌ലാമിനേക്കാളേറെ പേർഷ്യൻ മതങ്ങളിലും ഹൈന്ദവദർശനങ്ങളിലുമാണ് ചെന്നു ചേരുന്നത്. ഈ വസ്തുതകൾ പണ്ഡിതോചിതം വിശകലനം ചെയ്യുന്ന ചെറുതെങ്കിലും പ്രൗഢമായ കൃതിയാണ് കെ.എ ഖാദിർ ഫൈസിയുടെ 'സ്വൂഫിസത്തിന്റെ വേരുകൾ.' സ്വൂഫിസവും ത്വരീഖത്തും; ഒരു വിശകലനം, സ്വൂഫിസത്തിലെ സ്വാധീനതകൾ, സ്വൂഫിസം ഇന്ത്യയിൽ എന്നിങ്ങനെ മൂന്ന് അധ്യായങ്ങൾ. അറബി, ഉർദു, ഇംഗ്ലീഷ്, മലയാളം കൃതികൾ അവലംബിച്ച് ആധികാരികമായി തയാറാക്കിയിട്ടുള്ള പഠനങ്ങൾ ഗഹനമാണ്. ഓരോ അധ്യായത്തിലും ചേർത്തിട്ടുള്ള റഫറൻസ് അധികവായനയും പഠനവും ആഗ്രഹിക്കുന്നവർക്ക് പ്രയോജനകരമാണ്. **പേജ്: 77, വില: 35, ഐ.പി.എച്ച് കോഴിക്കോട്**




## തെറ്റായ മതസങ്കൽപം
## താളംതെറ്റിയ മതനേതൃത്വം

**ശൈഖ് മുഹമ്മദ് കാരകുന്ന്**

ആരാധനാലയങ്ങളും 'ഭക്തജനങ്ങളും' വർധിക്കുമ്പോഴും സമൂഹം തിന്മയിലേക്ക് നീങ്ങുകയും കുറ്റകൃത്യങ്ങൾ പെരുകുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്? പ്രാഥമിക മതവിദ്യാഭ്യാസം വ്യാപകമാവുകയും ആരാധനാപരമായി മതം വളരുകയും ചെയ്യുമ്പോൾ മൂല്യബോധവും സാംസ്കാരിക ഔന്നത്യവും കുറയുന്നതിന്റെ കാരണമെന്താണ്? ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരമന്വേഷിക്കുന്ന ലഘുകൃതിയാണ് ശൈഖ് മുഹമ്മദ് കാരകുന്നിന്റെ 'തെറ്റായ മതസങ്കൽപം; താളം തെറ്റിയ മതനേതൃത്വം.' പലപ്പോഴായി എഴുതപ്പെട്ട പതിനഞ്ച് ലേഖനങ്ങളുടെ സമാഹാരം. ലളിതമായ ഭാഷ. **പേജ്: 95, വില: 45, വചനം ബുക്സ്, കോഴിക്കോട്**

## മാപ്പിളപഠനങ്ങൾ

**ഡോ. എം. ഗംഗാധരൻ**




'മാപ്പിളമാർ' എന്ന് വിളിക്കപ്പെടുന്ന കേരളീയ മുസ്‌ലിംകളെ സവിശേഷമായി വിശകലനം ചെയ്യുന്ന കൃതിയാണ് ഡോ. എം. ഗംഗാധരന്റെ 'മാപ്പിളപഠനങ്ങൾ.' മാപ്പിളമാർ-കേരളീയ മുസ്‌ലിംകൾ, ഒരു വിജയഗാഥ: ഫത്ഹുൽ മുബീൻ, കേരള ചരിത്രത്തിൽ 'പോർച്ചുഗീസ് കാലഘട്ടം' എന്ന മിഥ്യ, മലബാറിലെ മാപ്പിള കലാപങ്ങൾ ചരിത്ര പശ്ചാത്തലം, ഒരു മാപ്പിള കലാപത്തിന്റെ രേഖാരൂപം, വിരുദ്ധരും വിധേയരും; മമ്പുറം തങ്ങന്മാരുടെ കാലവും അകാലവും, സനാഉല്ലാഹ് മഖ്ദി തങ്ങൾ; ജ്ഞാനവും കർമവും, മഹാമർദനത്തിന്റെ കാലം, കലാപം കലാപാനന്തരം, മലബാറിലെ മാപ്പിള കലാപങ്ങളുടെ രാഷ്ട്രീയ മാനങ്ങൾ, സാമൂഹിക പരിഷ്കരണം മുസ്‌ലിം സമുദായം, കേരളത്തിൽ മുസ്‌ലിം ലീഗിന്റെ ആവിർഭാവം, അരനൂറ്റാണ്ട് പിന്നിട്ട മുസ്‌ലിം ലീഗ്, കേരളത്തിലെ മുസ്‌ലിം സമുദായം, നേർച്ചയുടെ കേരളീയ മാനങ്ങൾ എന്നിങ്ങനെ 15 ലേഖനങ്ങൾ. **പേജ്: 176, വില: 70, വചനം ബുക്സ്, കോഴിക്കോട്.**